

# ഖുർആൻ ബോധനം

**673**

**|എ.വൈ.ആർ**

**സൂറ-17**

# അൽ ഇസ്റാഅ്

2. മൂസാ പ്രവാചകനും നാം വേദം നൽകിയിട്ടുണ്ടായിരുന്നു. ഇസ്രാഈൽ മക്കൾക്ക് അത് മാർഗദർശകമാക്കി നിശ്ചയിക്കുകയും ചെയ്തു. എന്നെയല്ലാതെ മറ്റാരെയും നിങ്ങൾ വക്കീലായി വരിക്കരുത് എന്ന കൽപനയോടു കൂടി.

وَءَاتَيْنَا مُوسَى ٱلْكِتَـٰبَ وَجَعَلْنَـٰهُ هُدًى لِّبَنِىٓ إِسْرَٰٓءِيلَ أَلَّا تَتَّخِذُوا۟ مِن دُونِى وَكِيلًا ﴿٢﴾

3. നൂഹിന്റെ കൂടെ നാം കപ്പലിൽ വഹിച്ചവരുടെ സന്തതികളാണല്ലോ നിങ്ങൾ. അദ്ദേഹമോ, ഏറെ കൃതജ്ഞനായ ദൈവദാസൻ തന്നെയായിരുന്നു.

ذُرِّيَّةَ مَنْ حَمَلْنَا مَعَ نُوحٍ ۚ إِنَّهُۥ كَانَ عَبْدًا شَكُورًا ﴿٣﴾

4. വേദത്തിലൂടെ ഇസ്രാഈല്യർക്കു നാം മുന്നറിയിപ്പു നൽകിയിട്ടുണ്ടായിരുന്നു: നിങ്ങൾ രണ്ടു വട്ടം നാട്ടിൽ വമ്പിച്ച നാശമുണ്ടാക്കുകയും മഹാ ഗർവിഷ്ഠരാവുകയും ചെയ്യും.

وَقَضَيْنَآ إِلَىٰ بَنِىٓ إِسْرَٰٓءِيلَ فِى ٱلْكِتَـٰبِ لَتُفْسِدُنَّ فِى ٱلْأَرْضِ مَرَّتَيْنِ وَلَتَعْلُنَّ عُلُوًّا كَبِيرًا ﴿٤﴾

വേദം = ٱلْكِتَـٰبَ മൂസാ(പ്രാവാചകന്) നാം നൽകിയിട്ടുണ്ടായിരുന്നു = وَءَاتَيْنَا مُوسَى

സന്മാർഗ ദർശകം = هُدًى നാം അതിനെ ആക്കി(നിശ്ചയിക്കുകയും ചെയ്തു = وَجَعَلْنَـٰهُ

നിങ്ങൾ സ്വീകരിക്കരുത്(വരിക്കരുത് എന്ന കൽപനയോടുകൂടി) = أَلَّا تَتَّخِذُوا۟ ഇസ്രാഈൽ മക്കൾക്ക് = لِّبَنِىٓ إِسْرَٰٓءِيلَ

വക്കീലായിട്ട് = وَكِيلًا എന്നെയല്ലാതെ(മറ്റാരെയും) = مِن دُونِى

നൂഹിന്റെ കൂടെ = مَعَ نُوحٍ നാം (കപ്പലിൽ) വഹിച്ചവരുടെ = مَنْ حَمَلْنَا സന്തതികൾ(ആണല്ലോ നിങ്ങൾ) = ذُرِّيَّةَ

ഏറെ കൃതജ്ഞതയുള്ള ദാസൻ (തന്നെ) = عَبْدًا شَكُورًا തീർച്ചയായും അദ്ദേഹം ആയിരുന്നു = إِنَّهُۥ كَانَ

ഇസ്രാഈല്യരിലേക്ക് നാം വിധിച്ചു(മുന്നറിയിപ്പു നൽകിയിട്ടുണ്ടായിരുന്നു) = وَقَضَيْنَآ إِلَىٰ بَنِىٓ إِسْرَٰٓءِيلَ

ഭൂമിയി(നാടി)ൽ നിങ്ങൾ (വമ്പിച്ച) നാശമുണ്ടാക്കും(കയും) = لَتُفْسِدُنَّ فِى ٱلْأَرْضِ വേദത്തിൽ(ലൂടെ) = فِى ٱلْكِتَـٰبِ

മഹാഗർവ് = عُلُوًّا كَبِيرًا നിങ്ങൾ നിഗളിക്കുകയും, ഗർവിഷ്ഠരാവുകയും ചെയ്യും = وَلَتَعْلُنَّ രണ്ടു വട്ടം = مَرَّتَيْنِ

**2–3.** ഇവിടം മുതൽ എട്ടാം സൂക്തം വരെ ഇസ്രാഈല്യരുടെ ചരിത്രം അനുസ്മരിപ്പിക്കുകയാണ്. ഇബ്റാഹീം നബിയുടെ പിന്മുറക്കാരായ അറബികളും യഹൂദരും, അന്ത്യപ്രവാചകനോടും അദ്ദേഹത്തിനവതരിച്ച ഖുർആനിനോടും, ഈ സൂറഃ അവതരിക്കുന്ന കാലത്ത് അദ്ദേഹം വെളിപ്പെടുത്തിയ രാപ്രയാണ സംഭവത്തോടും കൈക്കൊണ്ട തികഞ്ഞ നിഷേധത്തിന്റെ പശ്ചാത്തലത്തിൽ ചില യാഥാർഥ്യങ്ങൾ അവരെ ഉദ്ബോധിപ്പിക്കുകയാണ്. അധ്യാത്മിക ജ്ഞാനത്തിന്റെയും പ്രവാചകത്വത്തിന്റെയും കുത്തകാവകാശികൾ തങ്ങൾ മാത്രമാണെന്നായിരുന്നു യഹൂദരുടെ അവകാശവാദം. അതിനാൽ ഇസ്രാഈല്യനല്ലാത്ത ആരെയും അവർ പ്രവാചകനായി അംഗീകരിക്കാൻ തയാറായിരുന്നില്ല. ഇസ്റാഅ് സംഭവം കേട്ടപ്പോൾ അവർ പറഞ്ഞു: നമ്മുടെ പ്രവാചകവര്യന്മാരുടെ അനന്തരാവകാശവും നമ്മുടെ നേതൃത്വവും വാദിക്കുകയാണിയാൾ. ഇസ്രാഈല്യനല്ലാത്തൊരാൾ എങ്ങനെയാണ് പ്രവാചകനാവുക, നമ്മുടെ നേതാവാകുക?! ഇതിന് യഹൂദരുടെ ചരിത്രം അനുസ്മരിച്ചുകൊണ്ട് ഖുർആൻ നൽകുന്ന മറുപടി ഇതാണ്: വംശോൽപത്തിയും കുടുംബപാരമ്പര്യവും അടിസ്ഥാനപ്പെടുത്തിയല്ല അല്ലാഹു ഒരു ജനതയെയും സ്നേഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നത്. പ്രത്യുത അവരുടെ ദൈവഭക്തിയുടെയും ധർമനിഷ്ഠയുടെയും അടിസ്ഥാനത്തിലാണ്. ഇസ്രാഈല്യരുടെ ചരിത്രം തന്നെ അതിനു മതിയായ സാക്ഷ്യമാകുന്നു. രണ്ടു ചരിത്രഘട്ടങ്ങളിൽ അവർ മഹാദൈവധിക്കാരികളും നാശകാരികളുമായി ഭവിച്ചു. ആ രണ്ടു ഘട്ടങ്ങളിലും

അതിശക്തരായ മറ്റു സമൂഹങ്ങൾക്ക് അവരുടെ മേൽ ആധിപത്യം നൽകിക്കൊണ്ട് അല്ലാഹു അവരെ നിന്ദിതരും പീഡിതരുമാക്കി ശിക്ഷിച്ചിട്ടുണ്ട്. അക്കാര്യം നേരത്തെ വേദസൂക്തത്തിലൂടെ പ്രവചിച്ചതായിരുന്നിട്ടും അവർക്കതിൽനിന്ന് രക്ഷപ്പെടാനായില്ല. പ്രവചനങ്ങൾ അക്ഷരംപ്രതി പുലരുക തന്നെ ചെയ്തു. ദൈവഭക്തരും ധാർമിക ബോധവുമുള്ളവരായിരുന്നപ്പോഴൊക്കെ അല്ലാഹു അവരെ ഉയർത്തുകയും വളർത്തുകയും ചെയ്തിട്ടുമുണ്ട്. ഭാവിയിലും എല്ലാ സമുദായങ്ങളോടും അവന്റെ സമീപനം അതുതന്നെയായിരിക്കും. ഇപ്പോൾ ഈ അന്ത്യപ്രവാചകനിലൂടെ സംസ്കരണത്തിന്റെയും ജീവിതസാഫല്യത്തിന്റെയും കവാടം മനുഷ്യർക്കു മുമ്പിൽ തുറക്കപ്പെട്ടിരിക്കുകയാണ്. ഈ അവസരം ഉപയോഗപ്പെടുത്തുന്നവർ അല്ലാഹുവിന്റെ അനുഗ്രഹഭാജനമാകുന്നു. അവസരം പാഴാക്കുന്നവർ ഇനിയും ദുരന്തങ്ങൾക്കിരയായിക്കൊണ്ടിരിക്കുകയും ചെയ്യും.

നൂഹ് നബിക്കുശേഷം ലോകാടിസ്ഥാനത്തിൽ ഇസ്ലാമിക സന്ദേശം പ്രചരിപ്പിക്കാൻ നിയുക്തനായ പ്രവാചകനാണ് ഇബ്റാഹീം. നൂഹ് നബിയുടെ കൂടെ കപ്പലിൽ കയറി മഹാപ്രളയത്തിൽനിന്ന് രക്ഷിക്കപ്പെട്ട പുത്രന്മാരിലൊരാളായ സാമിന്റെ സന്തതി പരമ്പരയിലാണ് ഇബ്റാഹീം(അ) ജന്മം കൊണ്ടത്. സാമിൽ നിന്നുണ്ടായ സമുദായങ്ങളെ പൊതുവിൽ സെമിറ്റിക് സമൂഹം എന്നു വിളിക്കുന്നു. അറബികളും ഇസ്രാഈല്യരും സെമിറ്റിക്കുകളാണ്. ذُرِّيَّةَ مَنْ حَمَلْنَا എന്നതിലെ ذُرِّيَّةَ നു മുമ്പ് സംബോധനയെ സൂചിപ്പിക്കുന്ന 'يا' എന്ന അക്ഷരം അനുക്തമായിട്ടുണ്ട്. നാം നൂഹിനോടൊപ്പം കപ്പലിൽ വഹിച്ചവരേ, അദ്ദേഹം അല്ലാഹുവിനോട് ഏറെ കൃതജ്ഞതയുള്ളവനായിരുന്നു എന്നും തർജമയാകാം. ഈ വാക്യത്തിനു രണ്ടു ധ്വനികളുണ്ട്. ഒന്ന്, നൂഹ് നബിയെയും അനുയായികളെയും അല്ലാഹു കപ്പലിൽ കയറ്റി പ്രളയത്തിൽ നിന്ന് രക്ഷപ്പെടുത്തിയത് അവർ ദൈവാനുഗ്രഹങ്ങളുടെ മൂല്യം മനസ്സിലാക്കുകയും അവനോട് നന്ദിയുള്ളവരായിരിക്കുകയും അവന്റെ വിധിവിലക്കുകളനുസരിക്കുകയും ചെയ്യുന്നവരായതുകൊണ്ടാണ്. രണ്ട്, ദൈവത്തോടുള്ള നന്ദിയുടെയും കൂറിന്റെയും ഫലമായി അവൻ മഹാപ്രളയത്തിൽ നിന്ന് രക്ഷപ്പെടുത്തിയ നൂഹിന്റെയും സഹയാത്രികരുടെയും പിന്മുറക്കാരേ, നിങ്ങളും അവരെപ്പോലെ ദൈവത്തോട് തികഞ്ഞ കൂറും വിധേയത്വവുമുള്ളവരായി വാഴേണ്ടതാണ്.

ഇബ്റാഹീം നബി(അ) ആദ്യം ഇറാഖിലും ഈജിപ്തിലും സിറിയയിലും ഫലസ്ത്വീനിലും അറേബ്യൻ മരുഭൂമിയുടെ വിവിധ കേന്ദ്രങ്ങളിലുമൊക്കെ നേരിട്ടു പ്രബോധന പ്രവർത്തനം നടത്തിക്കൊണ്ട് വർഷങ്ങൾ കഴിച്ചുകൂട്ടി. എന്നിട്ടദ്ദേഹം തന്റെ ദൗത്യം തുടരാൻ വിവിധ പ്രദേശങ്ങളിൽ പ്രതിനിധികളെ നിശ്ചയിച്ചു. കിഴക്ക് ജോർദാനിൽ സഹോദര പുത്രൻ ലൂത്ത്. അറേബ്യൻ ഉൾപ്രദേശങ്ങളിൽ സീമന്തപുത്രൻ ഇസ്മാഈൽ. സിറിയ-ഫലസ്ത്വീൻ ദേശങ്ങളിൽ ദ്വിതീയ പുത്രൻ ഇസ്ഹാഖ്.

ഇബ്റാഹീമി വംശത്തിന് രണ്ടു വൻശാഖകളുണ്ടായിരുന്നു. ഇസ്മാഈലി(അ)ന്റെ സന്തതികളായ അറബികൾ. ഖുറൈശികളും മറ്റു അറബ് ഗോത്രങ്ങളും ഈ ശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു. യഥാർഥത്തിൽ അറബികൾ മുഴുവൻ ഇസ്മാഈൽ സന്തതികളല്ല. അദ്ദേഹം മക്കയിൽ പാർപ്പുറപ്പിക്കുന്നതിനു മുമ്പേ അറേബ്യയിൽ ജനവാസമുണ്ടായിരുന്നു. കാലാന്തരത്തിൽ ഇസ്മാഈൽ സന്തതികൾ പെരുകുകയും അവർ പ്രബോധനം ചെയ്ത മതം പ്രചാരം നേടുകയും ഇതര അറബി ഗോത്രങ്ങളെല്ലാം മതപരമായും കുടുംബപരമായും ഇസ്മാഈലികളുമായി കൂടിക്കലരുകയും ചെയ്തപ്പോൾ എല്ലാവരും അവരുടെ വംശമൂലം ഇസ്മാഈലിലേക്ക് ചേർക്കുകയായിരുന്നു.

ഇബ്റാഹീം(അ)ന്റെ ദ്വിതീയ പുത്രൻ ഇസ്ഹാഖിന്റെ സന്താനപരമ്പരയിൽ പെട്ടവരാണ് യഅ്ഖൂബ്, യൂസുഫ്, മൂസാ, ദാവൂദ്, യഹ്യാ, ഈസാ തുടങ്ങിയ പ്രവാചകവര്യന്മാർ. ഇസ്ഹാഖ് നബിയുടെ പുത്രൻ യഅ്ഖൂബ് നബിയുടെ അപരനാമമാണ് ഇസ്രാഈൽ. ദൈവദാസൻ (അബ്ദുല്ല) എന്നാണീ വാക്കിനർഥമെന്ന് മുസ്ലിം പണ്ഡിതന്മാർ പറയുന്നു. എന്നാൽ യഅ്ഖൂബ് ദൈവവുമായി മല്ലയുദ്ധം നടത്തി ജയിച്ചതിനെത്തുടർന്ന് ദൈവം നൽകിയ അഭിധാനമാണ് ഇസ്രാഈൽ എന്നും, ദൈവത്തോടും മനുഷ്യരോടും മല്ലയുദ്ധം നടത്തുന്നവൻ എന്നാണതിനർഥമെന്നും ബൈബിൾ പഴയ നിയമം ഉൽപത്തി 32:25-29 ൽ സൂചിപ്പിക്കുന്നു. മൂഢഭാവനകൾ വേദ പുസ്തകത്തിൽ കടന്നുകൂടിയതിന്റെ ഒരുദാഹരണമായി അതിനെ കാണാവുന്നതാണ്.

യഅ്ഖൂബ് നബിയുടെ സന്തതികൾ ഇസ്രാഈലികൾ, ഇസ്രാഈൽ മക്കൾ എന്ന് പ്രസിദ്ധമായി. പിൽക്കാലത്ത് ഇസ്രാഈലീ പ്രവാചകന്മാരുടെ പ്രബോധനഫലമായി അവരുടെ മതത്തിൽ ചേർന്നവരും കാലക്രമത്തിൽ ഇസ്രാഈലി സമൂഹത്തിൽ ലയിച്ചു ചേർന്ന് ഇസ്രാഈലികളായി അറിയപ്പെട്ടു. യഅ്ഖൂബ് നബിക്ക് പന്ത്രണ്ടു പുത്രന്മാരുണ്ടായി. അവരിലൊരാളാണ് യൂസുഫ് നബി. യൂസുഫ്(അ) ചെറുപ്പകാലത്തേ ഈജിപ്തിലെത്തി. പിന്നീട് ആ രാജ്യത്തിന്റെ ഭരണകർത്താവായിത്തീർന്നു. അദ്ദേഹത്തിന്റെ കാലത്ത് യഅ്ഖൂബ് നബിയും കുടുംബവും ഈജിപ്തിലേക്കു കുടിയേറി. ആദ്യകാലത്ത് ഈജിപ്തിന്റെ അധികാരസ്ഥാനങ്ങൾ കൈയാളുന്നവരും ആത്മീയാചാര്യന്മാരുമായ ആദരണീയ സമുദായമായിരുന്നു ഇസ്രാഈല്യർ. രാജ്യത്തിന്റെ ഭരണം മറ്റൊരു ഫറവോൻ വംശത്തിലേക്കു മാറിയതോടെ ഇസ്രാഈല്യരുടെ പ്രതാപം അസ്തമിച്ചു. അവർ തദ്ദേശീയ ജനതയുടെ അടിമകളായി മാറി. ഫറവോനികൾ അവരെ കൊടൂരമായി പീഡിപ്പിച്ചു. അവരിലെ പുരുഷസന്തതികളെ വധിക്കുകയും സ്ത്രീകളെ മാനഭംഗപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.

മൂസാ(അ) ഇസ്രാഈല്യരെ ഈജിപ്തിൽ നിന്ന് മോചിപ്പിച്ച് ഫലസ്ത്വീനിലേക്ക് കൊണ്ടുവന്നു. ഈജിപ്തിൽ കുടിയേറുമ്പോൾ യഅ്ഖൂബ് നബിയും പുത്രന്മാരും പൗത്രന്മാരുമടക്കം ആകെ 68 പേരാണുണ്ടായിരുന്നത്. അവിടെ നിന്നും പോന്നപ്പോൾ അവരിൽ രണയോഗ്യരായ പുരുഷന്മാർ തന്നെ 203550 പേരുണ്ടായിരുന്നുവെന്ന് ബൈബിൾ പറയുന്നു. സ്ത്രീകളും കുട്ടികളും വൃദ്ധജനങ്ങളുമടക്കം ചുരുങ്ങിയത് 20 ലക്ഷമുണ്ടായിരുന്നുവത്രെ. 68പേർ അഞ്ചു നൂറ്റാണ്ടുകാലം കൊണ്ട് ഇത്രയേറെ പെരുകാൻ സാധ്യതയില്ല. അങ്ങനെയാണെങ്കിൽ യേശുവിന്റെ പിറവിക്കു എത്രയോ മുമ്പുതന്നെ ഇസ്രാഈലി ജനസംഖ്യ 4000 കോടി കവിയുമായിരുന്നു. എന്നാൽ മൂസാനബിയോടൊപ്പം ഈജിപ്ത് വിട്ടത് വലിയൊരു സംഘം തന്നെയായിരുന്നു. അതിൽ യഅ്ഖൂബ് സന്തതികളോടൊപ്പം യൂസുഫ് നബിയുടെയും പിൻഗാമികളുടെയും പ്രബോധനഫലമായി ഇസ്ലാം സ്വീകരിച്ച ഈജിപ്

ഷ്യരുമുണ്ടായിരുന്നുവെന്നു വേണം മനസ്സിലാക്കാൻ.

ഈജിപ്ത് വിട്ട ഇസ്രാഈല്യർ ഫലസ്ത്വീൻ രാജ്യങ്ങളിൽ പ്രവേശിക്കുന്നത് തദ്ദേശീയർ ചെറുത്തു. അവരോട് പടവെട്ടി അങ്ങോട്ടു കടന്നുചെല്ലാനുള്ള മനോധൈര്യം ആദ്യഘട്ടത്തിൽ ഇസ്രാഈല്യർക്കുണ്ടായതുമില്ല. അതിനാൽ നാൽപതു വർഷക്കാലത്തോളം അവർക്ക് സീനാ മരുഭൂമിയിൽ അലഞ്ഞു നടക്കേണ്ടി വന്നു. എങ്കിലും അല്ലാഹു അവരെ അനുഗ്രഹിച്ചു. ആഹരിക്കാൻ മന്നയും സൽവയും വർഷിച്ചു കൊടുത്തു. മൂസാ നബിയെ തൂർമലയിലേക്ക് വിളിച്ച് തൗറാത്ത് എന്ന വേദഗ്രന്ഥം നൽകി. ഇതാണ് ഈ സൂക്തത്തിൽ പറയുന്ന 'അൽ കിതാബ്'. പിന്നീട് താലൂത്ത് രാജാവിന്റെ കീഴിൽ തദ്ദേശീയരോട് യുദ്ധം ചെയ്യാൻ തയാറായ ഇസ്രാഈല്യർ ഫലസ്ത്വീൻ പ്രദേശങ്ങൾ ഒന്നൊന്നായി പിടിച്ചടക്കി. താലൂത്തിനു ശേഷം അധികാരമേറ്റ ദാവൂദ് നബിയുടെയും സുലൈമാൻ നബിയുടെയും ഭരണകാലം ഇസ്രാഈല്യരുടെ ഉത്ഥാനത്തിന്റെ സുവർണദശയായിരുന്നു.

സുലൈമാൻ നബിക്കുശേഷം ഇസ്രാഈല്യർ ആത്മീയമായും ഭൗതികമായും അധഃപതിച്ചു തുടങ്ങി. മൂസാ നബി മുഖേന അല്ലാഹു അനുശാസിച്ച ശരീഅത്തു നിയമങ്ങൾ അവഗണിക്കപ്പെട്ടു. തദ്ദേശീയരായ ഹിത്യർ, അമോര്യർ, കൻആനികൾ, ഫെലിസ്ത്യർ തുടങ്ങിയ വിഗ്രഹാരാധകരിൽ ഏകദൈവ വിശ്വാസം പ്രബോധനം ചെയ്യുന്നതിനു പകരം അവരുടെ വിഗ്രഹാരാധനയെ സ്വാംശീകരിക്കാനാണ് വലിയൊരു വിഭാഗം ശ്രമിച്ചത്. ഇസ്രാഈല്യർ രാഷ്ട്രീയമായി രണ്ടു വിഭാഗമായി പിളർന്നു. ബഹുദൈവത്വപരമായ വിശ്വാസങ്ങളും ആചാരങ്ങളും രണ്ടു വിഭാഗത്തെയും ഗ്രസിച്ചു. തൗറാത്തിലെ പ്രമാണങ്ങൾക്ക് തികച്ചും വിരുദ്ധമായിരുന്നു അത്. ഈ മാർഗഭ്രംശത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് ഇവിടെ സാക്ഷാൽ ദൈവത്തെയല്ലാതെ മറ്റാരെയും വക്കീലാക്കരുത് أَلَّا تَتَّخِذُوا مِن دُونِي وَكِيلًا എന്ന് എടുത്തുപറയുന്നത്. കാര്യങ്ങൾ ഏൽപിക്കപ്പെടുന്നവനാണ് ഭാഷാർഥത്തിൽ وَكِيل. ഏജന്റ്, മാനേജർ, കോടതിയിൽ കക്ഷികൾക്കു വേണ്ട കേസ് വാദിക്കുന്നയാൾ, സ്പോൺസർ തുടങ്ങിയ അർഥങ്ങളിലൊക്കെ ഉപയോഗമുണ്ട്. മനുഷ്യൻ തന്റെ ആത്യന്തിക അവലംബമായി വിശ്വസിച്ച് സർവ കാര്യങ്ങളും ഭരമേൽപിക്കുന്നതാരിലാണോ അവനാണ് ഖുർആന്റെ ഭാഷയിൽ وَكِيلًا. ഇങ്ങനെ സർവം സമർപ്പിക്കുന്നതിന് توكل എന്നുപറയുന്നു. സമർപ്പിക്കുന്നവൻ متوكل. ഫലസ്ത്വീനിലെ വിഗ്രഹാരാധകരുടെ ഈൽ, അശിറാ, ഉനാസ്, എസ്താറാത്ത് തുടങ്ങിയ എണ്ണമറ്റ ദൈവങ്ങളെ രക്ഷകരായി വരിക്കുകയും അവർക്ക് വഴിപാടുകളും ബലിദാനങ്ങളുമർപ്പിക്കുകയും ചെയ്തുകൊണ്ട് ഇസ്രാഈല്യർ വേദകൽപനയെ പൂർണമായി ധിക്കരിച്ചു.

യഅ്ഖൂബ് നബിയുടെ ആറാമത്തെ പുത്രനായിരുന്നു യഹൂദാ. സുലൈമാൻ നബിക്കു ശേഷം ഇസ്രാഈലീ രാഷ്ട്രം പിളർന്നപ്പോൾ അതിലൊരു ഖണ്ഡത്തിൽ ആധിപത്യമുറപ്പിച്ചത് യഹൂദായുടെ സന്തതികളാണ്. അവരുടെ രാഷ്ട്രം യഹൂദിയ എന്നറിയപ്പെട്ടു. മറ്റു ഇസ്രാഈലി ഗോത്രങ്ങൾ ഉൾപ്പെട്ട ഭാഗം വേറൊരു രാഷ്ട്രമായിത്തീർന്നു. അതിന്റെ തലസ്ഥാനം സാമിരിയ്യയായിരുന്നു. യഹൂദരിലെ സന്യാസിമാരും പുരോഹിതന്മാരും പുതിയ പുതിയ വിശ്വാസാചാരങ്ങൾ ആവിഷ്കരിച്ചുകൊണ്ടിരുന്നു. ഇങ്ങനെ രൂപം കൊണ്ട അനാചാരങ്ങൾ بدعة ആണ് പിന്നീട് യഹൂദിയത്ത് (ജൂദായിസം) എന്നറിയപ്പെട്ടത്. കാലക്രമത്തിൽ മറ്റ് ഇസ്രാഈല്യരും ജൂതായിസം സ്വീകരിച്ചു. ഈ സംഗതി മുമ്പിൽ വെച്ചാണ് ഖുർആൻ പലയിടത്തും ഈസ്രാഈല്യരെ الَّذِينَ هَادُوا ജൂതരായവർ, ജൂതായിസം സ്വീകരിച്ചവർ എന്നു സംബോധന ചെയ്യുന്നത്. ഇബ്റാഹീം നബി ജൂതനോ നസ്രായനോ ആയിരുന്നില്ല مَا كَانَ إِبْرَاهِيمُ يَهُودِيًّا وَلَا نَصْرَانِيًّا എന്നു പറയുന്നതും ഇതേ അർഥത്തിലാണ്.

മതപരമായും രാഷ്ട്രീയമായും ശിഥിലമായ ഇസ്രാഈലീ രാഷ്ട്രങ്ങളെ ആദ്യം അസീറിയൻ-ബാബിലോണിയൻ രാജാക്കന്മാർ അക്രമിച്ചു കീഴടക്കി. ബൈത്തുൽ മഖ്ദിസ് തകർക്കപ്പെട്ടു. ഇസ്രാഈല്യർ വളരെ കാലം ബാബിലോണിയയിൽ അടിമകളായി കഴിയേണ്ടി വന്നു. പിന്നീട് തിരിച്ചു വന്ന് ഫലസ്ത്വീനിൽ സ്വയംഭരണം സ്ഥാപിച്ചെങ്കിലും കുറെക്കാലത്തിനു ശേഷം റോമക്കാരുടെ ആക്രമണത്തിനിരയായി. അവരും ബൈത്തുൽ മഖ്ദിസ് തകർക്കുകയും ഇസ്രാഈല്യരെ ഫലസ്ത്വീനിൽനിന്ന് പുറത്താക്കുകയും ചെയ്തു. ഇസ്രാഈല്യർ പല രാജ്യങ്ങളിലായി ചിന്നിച്ചിതറി. ഇങ്ങനെ ചിതറിത്തെറിച്ചുവന്ന ഏതാനും ജൂതഗോത്രങ്ങൾ, ഈ സൂറഃ അവതരിക്കുന്ന കാലത്ത് അറേബ്യയിലും ഉണ്ടായിരുന്നു. ഖുറൈള, മുസ്തലഖ്, നദീർ തുടങ്ങിയവ മദീനയിലുണ്ടായിരുന്ന യഹൂദ ഗോത്രങ്ങളാണ്. റോമക്കാരാൽ പുറംതള്ളപ്പെട്ട യഹൂദർ പിന്നീട് രണ്ടു സഹസ്രാബ്ദങ്ങൾക്കു ശേഷം എ.ഡി ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിലാണ് ഫലസ്ത്വീനിൽ തിരിച്ചുവന്ന് ഇസ്രയേൽ രാഷ്ട്രം സ്ഥാപിച്ചത്. ഈ രാഷ്ട്രത്തിന്റെ സ്ഥാപനവും നിലനിൽപും എപ്രകാരമെണെന്നത് സമകാലീന ചരിത്രമാകുന്നു.

ഇസ്രാഈല്യരുടെ ചരിത്രം വിശദമായി പഠിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകും: നിഷ്കളങ്കരായ ഏകദൈവ വിശ്വാസികളായി സർവതും അവനിലർപ്പിച്ച് അവൻ അനുശാസിച്ച ധർമവ്യവസ്ഥയനുസരിച്ച് വാണപ്പോഴൊക്കെ അവർ സമൃദ്ധിക്കും സമാധാനത്തിനും വിജയത്തിനും അവകാശികളായിരുന്നു. വേദപ്രമാണങ്ങൾ പുറകോട്ടെറിയുകയും വിഗ്രഹാരാധനാപരമായ വിശ്വാസാചാരങ്ങൾ കൈക്കൊള്ളുകയും അധർമങ്ങളും അനീതികളും അനുവർത്തിക്കുകയും ചെയ്തപ്പോഴെല്ലാം അവർ നിന്ദിതരും പീഡിതരുമായിത്തീർന്നിട്ടുണ്ട്.

**4.** ഇസ്രാഈലി ചരിത്രത്തിലെ രണ്ടു സുപ്രധാനഘട്ടങ്ങളെയാണിവിടെ സൂചിപ്പിക്കുന്നത്. قَضَى (വിധിച്ചു)യുടെ ഉത്തമപുരുഷബഹുവചനമാണ് وَقَضَيْنَا. ഈ പദത്തോട് إِلَى എന്നു ചേരുമ്പോൾ വിധിച്ചു എന്നതോടൊപ്പം വിധി അറിയിച്ചു, എത്തിച്ചു എന്ന ആശയവും കൂടി ലഭിക്കുന്നു. അതായത് നാം ഇസ്രാഈലികളുടെ പേരിൽ വിധിക്കുകയും ആ വിധിയെ കുറിച്ച് അവർക്കു മുന്നറിയിപ്പു നൽകുകയും ചെയ്തു. മൂസാ നബിക്ക് അവതരിച്ച തൗറാത്തും മറ്റു ഇസ്രാഈലി പ്രവാചകന്മാർക്ക് അവതരിച്ച പ്രമാണങ്ങളും ഉൾപ്പെടുന്നതാണ് ഇവിടെ പരാമർശിക്കുന്ന الْكِتَابِ. നാശവും കുഴപ്പവുമാണ് فَساد. അതിൽ നിന്നുള്ള ക്രിയയാണ് تُفْسِدُنَّ. ഭൗതികവും ധാർമികവും ആത്മീയവുമായ കുഴപ്പങ്ങളെല്ലാം فَساد ൽ ഉൾപ്പെടുന്നു. فَساد ന്റെ വിപരീതമാണ് إصلاح (സംസ്കരണം). ഔന്നത്യം, ഔദ്ധത്യം, ഗർവ്, നിഗളിപ്പ് മുതലായ അർഥങ്ങളുണ്ട്. عُلُوًّا നും ഗർവും ഔദ്ധത്യവുമാണ് ഇവിടെ ഉദ്ദേശ്യം: علو ൽ നിന്നുള്ള ക്രിയയാണ് تعْلُو.

ഇസ്രാഈല്യർ നേരിടേണ്ടിവന്ന രണ്ടു മഹാദുരന്തങ്ങൾ

പരാമർശിക്കും മുമ്പ് ഖുർആൻ പ്രഥമ പ്രാധാന്യത്തോടെ പരാമർശിക്കുന്നത് അവരുടെ ധർമനാശവും ഔദ്ധത്യവുമാണ്. അതാണ് യഥാർഥ ദുരന്തം. ഭൗതിക ലോകത്ത് അവർ അനുഭവിക്കേണ്ടിവന്ന യാതനകളുടെ യഥാർഥ കാരണം. കൂടുതൽ വലിയ ദുരിതം പരലോകത്ത് അവരെ കാത്തിരിക്കുന്നതും അതിന്റെ പേരിലാണ്. ഇവിടെ സൂചിപ്പിക്കുന്ന ദുരന്തങ്ങളിൽ ആദ്യത്തേതിനെക്കുറിച്ച് ദാവൂദ് (അ) നൽകിയ മുന്നറിയിപ്പ് ബൈബിൾ ഉദ്ധരിക്കുന്നു: 'യഹോവ ആജ്ഞാപിച്ചപോലെ അവർ ജാതികളെ നശിപ്പിച്ചില്ല. മറിച്ച് ജാതികളോട് കലർന്ന അവരുടെ പ്രവൃത്തികൾ ശീലിച്ചു; അവരുടെ വിഗ്രഹങ്ങളെ സേവിച്ചു; പുത്രി പുത്രന്മാരെ പിശാചുക്കൾക്ക് ബലി കഴിച്ചു. കുറ്റമറ്റ രക്തം ചൊരിഞ്ഞു. കനാനിലെ വിഗ്രഹങ്ങൾക്ക് ബലി കഴിച്ച പുത്രീപുത്രന്മാരുടെ രക്തം; ദേശം രക്തം കൊണ്ട് അശുദ്ധമായി. തങ്ങളുടെ പ്രവൃത്തികളിൽ അവർ അശുദ്ധരായി; അവയിൽ അവർ പരസംഗം ചെയ്തു. അതുകൊണ്ട് യഹോവയുടെ കോപം തന്റെ ജനത്തിന്റെ നേരെ ജ്വലിച്ചു. തന്റെ അവകാശത്തെ അവർ കഠിനമായി വെറുത്തു. അവൻ അവരെ ജനതകളുടെ കയ്യിൽ ഏൽപിച്ചു. അങ്ങനെ അവരെ ചതിച്ചവർ അവരെ ഭരിച്ചു (സങ്കീർത്തനം 106-34-41). സംഭവിക്കുമെന്നുറപ്പുള്ള ദൈവവിധികളായതുകൊണ്ടാണ് ദാവൂദ് നബി അതെല്ലാം നടന്നു കഴിഞ്ഞ സംഭവങ്ങൾപോലെ ഭൂതകാല ക്രിയയിൽ വിവരിക്കുന്നത്. പിന്നീട് ഇസ്രാഈല്യരിൽ ധർമച്യുതി വ്യാപിക്കുന്നതു കണ്ടപ്പോൾ യശയ്യാ പ്രവാചകൻ അവർക്ക് സുദീർഘവും സുവിശദവുമായ മുന്നറിയിപ്പു നൽകുകയുണ്ടായി. ബൈബിൾ യശയ്യാവ് 1:4-5, 2:6-8, 3:16-26, 8:7, 30:9-14 എന്നീ വചനങ്ങളിൽ അതു വായിക്കാം. യശയ്യാവ് 1:21-24 ൽ അദ്ദേഹം പരിതപിക്കുന്നു: "വിശ്വസ്തയായ ഈ നഗരി, നീതി നിറഞ്ഞിരുന്നവൾ, എങ്ങനെ ഒരു വേശ്യയായി? നീതി അവളിൽ കുടി കൊണ്ടിരുന്നു. ഇപ്പോഴോ കൊലപാതകികൾ നിന്റെ വെള്ളി കിട്ടം ആയി; നിന്റെ വീഞ്ഞിൽ വെള്ളം കലർന്നു. നിന്റെ പ്രഭുക്കന്മാർ നിഷേധികൾ; കള്ളന്മാരുടെ കൂട്ടുകാർ. എല്ലാവരും കൈക്കൂലി പ്രിയർ; അവർ സമ്മാനങ്ങൾക്കു പിന്നാലെ പായുന്നു. അവർ അനാഥരെ സംരക്ഷിക്കുന്നില്ല. വിധവയുടെ കാര്യം അവരുടെ പരിഗണനയിൽ വരുന്നില്ല. അതുകൊണ്ട് യഹോവ, സൈന്യങ്ങളുടെ കർത്താവ്, ഇസ്രാഈലിന്റെ ശക്തനായവൻ അരുൾ ചെയ്യുന്നു: ഹാ.... ഞാൻ എന്റെ ശത്രുക്കളുടെ മേൽ എന്റെ ക്രോധം ചൊരിയും; എന്റെ വൈരികളോടു പകരം വീട്ടും."

യിരമ്യാ പ്രവാചകനും (യിരമ്യാവ് 2:5-28, 3:6-9, 9, 5:1-9, 5:15-17, 7:33-34, 15:2-3) എസക്കിയേൽ പ്രവാചകനും (എസക്കിയേൽ 22:3-16) ഇസ്രാഈല്യരിൽ നടമാടിയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അധർമങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതുപോലുള്ള ദീർഘ പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്.

രണ്ടാമത്തെ മഹാനാശം ഈസാ(അ)യുടെ ആഗമനത്തിനു ശേഷമായിരുന്നു. അതേപ്പറ്റി ഈസാ(അ) പ്രവചിച്ചു: യരൂശലമേ, യരൂശലമേ, പ്രവാചകന്മാരെ കൊല്ലുന്നവളേ, നിന്റെയടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുമ്പോലെ നിന്റെ മക്കളെ ചേർത്തു കൊൾവാൻ എനിക്ക് എത്രവട്ടം മനസ്സിലായിരുന്നു. പക്ഷേ നിങ്ങൾ സമ്മതിച്ചില്ല. നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും (മത്തായി 23:37-38).

"കല്ലിൻ ഒരു കല്ലും ശേഷിക്കാതെ ഇവയെല്ലാം തകർക്കപ്പെടും എന്ന് ഞാൻ നിങ്ങളോടു സത്യമായിട്ടു പറയുന്നു" (മത്തായി 24:2).

"യരൂശലേം പുത്രിമാരേ, എന്നെച്ചൊല്ലി കരയേണ്ട. നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരയുക. ഇതാ വന്ധ്യകൾക്കും ഗർഭം ധരിക്കാത്ത ഗർഭപാത്രങ്ങൾക്കും പാലൂട്ടാത്ത മുലകൾക്കും ഭാഗ്യം!' എന്ന് അവർ പറയുന്ന ദിനങ്ങൾ വരുന്നു. പർവതങ്ങളോട് 'ഞങ്ങളുടെ മേൽ വീഴുക' എന്നും മലകളോട് ഞങ്ങളെ മൂടുക' എന്നും അവർ പറഞ്ഞു തുടങ്ങും" (ലൂക്കോസ് 23:28-30). ■

## തിരുത്ത്

വാല്യം 69 ലക്കം 5 പേജ് 25 ൽ ചേർത്ത ഖുർആൻബോധനം സൂറ അന്നഹ്ൽ 125ാം സൂക്തത്തിന്റെ തർജമയിൽ وَجَـٰدِلْهُم بِٱلَّتِى هِىَ أَحْسَنُ എന്ന മൂലവാക്യത്തിന്റെ അർഥം വിട്ടുപോയിരിക്കുന്നു. പ്രസ്തുത തർജമ 'പ്രബോധനം ചെയ്തു കൊണ്ടിരിക്കുക' എന്ന വാക്യത്തിനു ശേഷം 'അവരോട് ഏറ്റം വിശിഷ്ടമായ രീതിയിൽ സംവദിക്കുക' എന്നു ചേർത്തു വായിക്കേണ്ടതാണ്. അബദ്ധം പിണഞ്ഞതിൽ ഖേദിക്കുന്നു. ചൂണ്ടിക്കാണിച്ചു തന്ന മാന്യ വായനക്കാർക്കു നന്ദി.

-പ്ര.പ